**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 68** **06-10-2021 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | തീരദേശ പരിപാലന നിയമപ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള തീരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളെ പൂർണ്ണമായും പുനരധിവസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. തീരദേശത്ത് വേലിയേറ്റ പരിധിയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിനായി 2450 കോടി രൂപ അടങ്കലുള്ള പുനർഗേഹം പദ്ധതി ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു. പദ്ധതി പ്രകാരം 29.09.2021 വരെ തീരദേശ ജില്ലകളിലെ 10949 ഗുണഭോക്താക്കളെ ജില്ലാതല അപ്പ്രൂവൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 29/09/2021 വരെ മാറിതാമസിക്കാൻ തയാറായ 7716 ഗുണഭോക്താക്കളിൽ 2378 പേർ ഭൂമി കണ്ടെത്തുകയും ജില്ലാതല കമ്മിറ്റി ഭൂമിവില അംഗീകരിച്ചിട്ടുമുണ്ട്. 1771 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതും 616 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുമുണ്ട്. 276 പേർ ടി പദ്ധതി പ്രകാരം ഫ്ലാറ്റിലേക്ക് താമസം മാറിയിട്ടും ഉണ്ട്. 898 വ്യക്തിഗത ഫ്ലാറ്റുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലും ആണ്. |
| (ബി) | മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന പുനർഗേഹം പദ്ധതിയുടെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. പുനർഗേഹം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി കൃത്യമായ ഇടവേളകളിൽ DLSC (Department Level Steering Committee) വകുപ്പുതലത്തിൽ കൂടുന്നുണ്ട്. കൂടാതെ സർക്കാർ തലത്തിലും കൃത്യമായ ഇടവേളകളിൽ അവലോകനയോഗങ്ങൾ നടത്തി പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. പദ്ധതിയുടെ 29/09/2021 വരെയുള്ള പുരോഗതി അനുബന്ധമായി ചേർക്കുന്നു. |
| (സി) | വിവിധ കാലത്തുണ്ടായ കടലാക്രമണത്തെ തുടർന്ന് വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് പുനർഗേഹം പദ്ധതിയിൽ മുൻഗണന നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന കുടുംബങ്ങളിൽ സുരക്ഷിത മേഖലയിലേയ്ക്ക് മാറി താമസിക്കുവാൻ സമ്മതം അറിയിക്കുന്ന എല്ലാ ഗുണഭോക്താക്കളേയും |

| | | | |
|---|---|---|---|
| | | | ആദ്യ ഘട്ടമായി പുനരധിവസിപ്പിക്കും. അപ്രകാരം മാറിത്താമസിക്കുവാൻ സമ്മതം അറിയിച്ചിട്ടുള്ള 7716 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. 2016 മുതൽ കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട എല്ലാവരെയും വകുപ്പ് പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ അംഗമായി ഇനിയും പദ്ധതി പൂർത്തീകരിക്കേണ്ടവരെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഭവനരഹിതരായ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും പ്രസ്തുത പദ്ധതിയിലൂടെ വീട് ലഭ്യമാക്കുന്നതിന് കഴിയുമോയെന്ന് വിശദമാക്കുമോ? | (ഡി) | ഇല്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ സാധിക്കും. നിലവിൽ ലൈഫ് മിഷൻ മുഖേനയാണ് മത്സ്യത്തൊഴിലാളികളുൾപ്പെടെയുള്ളവർക്ക് ഭവന പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ജില്ല | ആകെ ഗുണഭോക്താവ് | DLAC അംഗീകരിച്ചത് | മാറി താമസിക്കാൻ സമ്മതം അറിയിച്ചവർ | DLMC അംഗീകരിച്ചത് | രജിസ്ട്രേഷൻ പൂർത്തിയാക്കിയവർ | ഭവന നിർമ്മാണ ഘട്ടങ്ങൾ | | |
|---|---|---|---|---|---|---|---|---|
| | | | | | | I | II | III |
| തിരുവനന്തപുരം | 4981 | 3826 | 3826 | 851 | 602 | 360 | 290 | 128 |
| കൊല്ലം | 1580 | 422 | 389 | 154 | 138 | 122 | 107 | 91 |
| ആലപ്പുഴ | 4660 | 1641 | 979 | 588 | 456 | 399 | 233 | 168 |
| എറണാകുളം | 1619 | 221 | 213 | 58 | 42 | 36 | 20 | 19 |
| തൃശ്ശൂർ | 939 | 670 | 435 | 235 | 196 | 176 | 145 | 114 |
| മലപ്പുറം | 1806 | 1099 | 946 | 269 | 134 | 83 | 63 | 46 |
| കോഴിക്കോട് | 2609 | 318 | 209 | 71 | 68 | 42 | 32 | 25 |
| കണ്ണൂർ | 1583 | 1583 | 181 | 77 | 76 | 38 | 31 | 25 |
| കാസർഗോഡ് | 1169 | 1169 | 538 | 75 | 59 | 7 | 0 | 0 |
| ആകെ | **20946** | **10949** | **7716** | **2378** | 1771 | **1263** | **921** | **616** |